# മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതി

# സോഷ്യൽഓഡിറ്റ്റിപ്പോർട്ട്

**തൃശ്ശൂർ ജില്ല**

**മുല്ലശ്ശേരി ബ്ലോക്ക്**

**എളവള്ളിഗ്രാമപഞ്ചായത്**

**അഞ്ചാം വാർഡ്**

---

## മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്നിയമംസോഷ്യൽ ഓഡിറ്റ്സൊസൈറ്റികേരളം (MGNSASK )

**2018-19**

---

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ്ധ കായിക തൊഴിലിൽഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

### സവിശേഷതകൾ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക്, പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതിപ്രകാരംഗ്രാമപഞ്ചായത്ത്പ്രദേശത്ത്നടപ്പിക്കുന്നഎല്ലാപ്രവർത്തികളുംസോഷ്യൽഓഡിറ്റിനുവിധേയമാക്കണമെന്ന് 17(2)-)ം വകുപ്പ്നിഷ്കർഷിക്കുന്നു .പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂസഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയുമാണ്സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന. തൊഴിലുറപ്പ്നിയമ പ്രകാരം വർഷത്തിൽ 2 പ്രാവിശ്യം സോഷ്യൽ ഓഡിറ്റ്ഗ്രാമസഭകൾ എല്ലാ വാർഡുകളിലും കൃത്യമായി നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു. പദ്ധതി പണം ശെരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈപണം ചിലവഴിച്ചതുകൊണ്ട്പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായമാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡി റ്റ്പ്രക്രിയക്ക്കണ്ടെത്താൻ കഴിയുന്നു.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

മുല്ലശ്ശേരി ബ്ലോക്കിലെ എളവള്ളി പഞ്ചായത്തിലെ വാർഡ് 5 ൽ ഒക്ടോബർ 1, 2018 മുതൽമാർച്ച് 31, 2019 വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളാണ് ഓഡിറ്റിന് വിധേയമാക്കിയത് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവർത്തി

ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## തൊഴിലാളികളുടെഅവകാശങ്ങൾ

മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതിവിഭാവനംചെയുന്നത്എന്തൊക്കെഎന്നുംകാര്യക്ഷമമായുംഫലപ്രദമായും ഈപദ്ധതിഎങ്ങനെനടപ്പിലാക്കണംഎന്ന്ഗ്രാമപഞ്ചായത്തിനെയുംതൊഴിലാളികളെയുംഗ്രാമസഭഅംഗങ്ങളെയുംബോധ്യപെടുത്തുന്നതിനുവേണ്ടിയാണ്ഈസോഷ്യൽഓഡിറ്റ്തൊഴിലാളികൾക്ക് 10 അവകാശങ്ങൾപ്രദാനംചെയുന്നത്.അവഎന്തൊക്കെഎന്ന്ചുവടെചേർക്കുന്നു.

#### 1.തൊഴിൽകാർഡ്ലഭിക്കുന്നതിനുള്ളഅവകാശം(Schedule 2 Para 1 )

തൊഴിലുറപ്പു നിയമം (ഷെഡ്യൂൾ 2 പാര 1) അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്. വാർഡിൽ ആകെ 187 തൊഴിൽ കാർഡുകൾ ആണ് ഉള്ളത്. ഇതിൽ 27 പേരാണ് നിലവിൽ തൊഴിൽ ചെയ്യുന്നതിനായി വരുന്നത്.

തൊഴിൽ കാർഡിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചാൽ ഉചിതമായ അനേഷണം നടത്തി 15 ദിവസത്തിനകം കാർഡ് നല്കേണ്ടതാണ്.തൊഴിൽ കാർഡ് കൈവശം സൂകിഷിക്കേണ്ടത് തൊഴിലാളിയാണ്. ഏതെങ്കിലും കാര്യങ്ങൾ എഴുതി ചേർക്കുന്നതിനായി പഞ്ചായത്തിൽ ഏല്പിച്ചിച്ചാൽ എത്രയും വേഗം തിരിച്ചു നൽകേണ്ടതാണ്.വ്യക്തമായ കാരണം കൂടാതെ തൊഴിൽ കാർഡ് പഞ്ചായത്തിൽ സൂക്ഷിക്കയാണെങ്കിൽ സെക്ഷൻ 25 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.demand, work allocation, ചെയ്ത പ്രവൃത്തി, ഹാജർ, മസ്റ്റർ റോൾ നമ്പർ, വേതന സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ തൊഴിൽ കാർഡിൽ ഉണ്ടാവേണ്ടതാണ്.തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ചെലവ് ഫോട്ടോ ഉൾപ്പെടെ 6 % അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ ണ് ഇന്നും എടുക്കേണ്ടതാണ്.പഞ്ചായത്തിൽ നിന്നും സ്ഥിരമായി താമസം മാറി പോവുകയോ, മരണപ്പെടുകയോ, ഹാജരാകിയ രേഖകൾ കൃത്രിമമാണെന്നു തെളിയുകയോ ചെയ്താൽ മാത്രമേ തൊഴിൽ കാർഡ് ക്യാൻസൽ/ ഡിലീറ്റ് ചെയ്യാൻ പാടുള്ളു.

### .2. തൊഴിൽആവശ്യപ്പെടാനും15 ദിവസത്തിനുള്ളിൽലഭിക്കാനുള്ളഅവകാശം. (Schedule 1 Para 11 )

തൊഴിൽ ദിനങ്ങൾ ആവശ്യപ്പെടുവാനും തീയതി വച്ച രസീത്കൈപ്പറ്റുവാനും 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ഉള്ള അവകാശം നിയമം അനുശാസിക്കുന്നു. തൊഴിൽ കാർഡിൽ പേരുള്ള ഏതൊരു അംഗത്തിനും അവിദഗ്ദ്ധ കായിക തൊഴിലിയൂനായി ആവശ്യപ്പെടാവുന്നതാണ്.. ഇത്തരം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതും തീയതി വച്ച രസീതി നൽകേണ്ടതുമാണ്.തീയതി വച്ചുള്ള രസീതി തൊഴിലാളികൾക്കു നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നില്ല എങ്കിൽ തൊഴിലുറപ്പു നിയമത്തിലെ സെക്ഷൻ 25 അനുസരിച്ചുള്ള ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

ഈവാർഡിലെ തൊഴിലാളികൾ മേറ്റ്മുഖേനയും തൊഴിലാളികൾ ഗ്രൂപ്പുകൾ ആയും തൊഴിൽ ആവശ്യപെടുന്നുണ്ട്. എന്നാൽ ഡിമാൻഡ്ഫോം ഫ്രണ്ട് ഓഫീസിൽ കൊടുക്കുകയും രസീതി കൈപ്പറ്റുകയും ചെയ്യാറില്ല. അതിനാൽ തന്നെ 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുന്നുണ്ടോ എന്ന്തെളിവ്സഹിതം വ്യക്തമാക്കുവാൻ സാധ്യമല്ല..

### 3തൊഴിലില്ലായ്മവേതനംലഭിക്കാനുള്ളഅവകാശം. (Section 7(1) )

തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ ആദ്യത്തെ മുപ്പത് ദിവസം വേതനത്തിന് നാലിലൊന്നും തുടർന്ന് 100 ദിവസം വരെ വേതനത്തിന് പകുതിയും ലഭിക്കൻ അവകാശമുണ്ട്.

വാർഡിലെതൊഴിലാളികൾആരുംതന്നെതൊഴിലില്ലായ്മവേതനത്തിനുഅപേക്ഷിച്ചതായിഅറിയാൻകഴിഞ്ഞില്ല .

#### 4. പ്രവർത്തികൾകണ്ടെത്തി നൽകാനുള്ള അവകാശം. (Schedule 1 Para 9 )

ഓരോതൊഴിലാളിക്കുംതൊഴിലുറപ്പ്പദ്ധതിപ്രകാരംതങ്ങളുടെവാർഡിൽഏറ്റെടുത്തുനടപ്പിലാക്കേണ്ടപ്രവർത്തികൾ (നാലുഭാഗങ്ങളിലായി 260 എണ്ണം - അനുബന്ധം കാണുക) കണ്ടെത്തിനൽകുവാനുള്ളഅവകാശം. സെക്ഷൻ 16 (1) പ്രകാരം ഗ്രാമസഭ / വാർഡ് സഭ യിൽ വരുന്ന നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള  സെല്ഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കേണ്ട ഉത്തരവാദിത്തം ഗ്രമ പഞ്ചായത്തിനാണ്..

**5.അഞ്ചു കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം(Schedule 2 Para 18 )**

തൊഴിലാളിയുടെ താമസസ്ഥലത്തു നിന്ന് അഞ്ച് കിലോമീറ്റർ ചുറ്റളവിലല്ല തൊഴിൽ ലഭിക്കുന്നതെങ്കിൽ വേതനത്തിന്റെ 10 ശതമാനം കൂടി അധികവേതനം ലഭിക്കുന്നതിനുള്ള അവകാശം. **(Schedule 2 Para 20 )**

## 6.പണി സ്ഥലത്തെഅടിസ്ഥാനസൗകര്യങ്ങൾക്കുള്ളഅവകാശം(Schedule 2 Para 23 )

പട്ടിക 2 ഭാഗം. 23 പ്രകാരംപ്രവർത്തിസഥലത്തുകുടിവെള്ളം, തണൽ , അടിയന്തിരചികിത്സക്കുതകുന്നപ്രഥമശുശ്രൂഷകിറ്റുകൾ , 5 വയസ്സിൽതാഴെയുള്ളകുട്ടികൾക്ക്ആയയുടെസൗകര്യംഎന്നിങ്ങനെനിയമംഅനുശാസിക്കുന്നു. തൊഴിൽസ്ഥലത്ത്ശുദ്ധമായകുടിവെള്ളം, ഫസ്റ്റ്എയ്ഡ്ബോക്സ്എന്നിവക്കുള്ളഅവകാശം. കൂടാതെതൊഴിൽസ്ഥലത്ത്ഉണ്ടാകുന്നഅപകടത്തിൻറെചികിത്സാചിലവുംലഭിക്കുന്നതിനുള്ളഅവകാശം.

തൊഴിലാളികൾക്ക്ആവശ്യമായകുടിവെള്ളംതൊഴിലാളികൾതന്നെകൊണ്ടുവരികയാണ്ചെയുന്നത്.തണൽസൗകര്യത്തിനായുള്ളടാർപോളിൻതൊഴിലാളികൾക്കിലവിൽഇല്ലഎന്ന്അറിയാൻകഴിഞ്ഞു.മാറ്റുമാരായിവരുന്നവ്യക്തികൾസ്വന്തമായിപൈസ ചെലവ്ചെയ്യിട്ടാണ്അത്യാവശ്യമെന്നുതോന്നുന്നമരുന്നുകൾപ്രാഥമികശുശ്രൂഷകിറ്റുകൾഉൾപ്പെടുത്തുന്നത്.

## 7.കൂലി ലഭിക്കാനും 15 ദിവസത്തിനുള്ളിൽ തന്നെ അത് ലഭിക്കാനുള്ള അവകാശം(Schedule 2 Para 29 )

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി 15 ദിവസത്തിനുള്ളിൽ ലഭിക്കുവാൻ ഉള്ള അവകാശം. വേതനം 15 ദിവസത്തിനുള്ളിൽ ലഭിക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി.നിയമംഅനുസരിച്ചു 15 ദിവസത്തിനുള്ളിൽ കൂലി ലഭിച്ചില്ല എങ്കിൽ വേതനത്തിന്റെ 0.05% നഷ്ടപരിഹാരത്തിനു അർഹതയുണ്ട്.

കൂലിമാസങ്ങളോളം വൈകുന്നതായി കണ്ടെത്തി.

## 8.വേതനവിതരണത്തിലെകാലതാമസത്തിനുനഷ്ടപരിഹാരംലഭിക്കുവാനുള്ളഅവകാശം.

അവസാനപ്രവൃത്തിദിവസത്തിന്റെപതിനഞ്ചാംദിവസത്തിനുള്ളിൽവേതനംലഭിച്ചില്ലെങ്കിൽവേദനത്തിൻറെ 0.05 ശതമാനംഅധികവേതനംലഭിക്കുന്നത്തിനുള്ളഅവകാശം.

പട്ടിക 2 പാര 29 അനുസൃതമായിപതിനഞ്ചുദിവസത്തിനകംതൊഴിൽവേതനംലഭ്യമായില്ലെങ്കിൽവേതനതാമസത്തിനു 0.05 ശതമാനംനിരക്കിൽഅധികവേതനംലഭ്യമാകേണ്ടതാണ്.

## 9. സമയബന്ധിതമായ പ്രശ്നപരിഹാരത്തിനുള്ള അവകാശം

സെക്ഷൻ 19 അനുസരിച്ച് അഞ്ചുദിവസത്തിനകം പരാതി പരിഹരിക്കുകയും  ഏഴുദിവസത്തിനുള്ളിൽ പരാതിക്കാരന് അത് അറിയിക്കുവാനും ഉള്ള അവകാശം.

പരാതി രജിസ്റ്റർ, ടോൾ ഫ്രീ നമ്പർ എന്നിവ വഴിയായി പരാതികൾ രേഖപ്പെടുത്താൻ അവസരം ഉണ്ട്.

**10.സോഷ്യൽഓഡിറ്റ്നടത്തുന്നതിനുള്ളഅവകാശം. (Section 17)**

തുടർച്ചയായിസാമൂഹ്യപരിശോധനനടത്തുവാനുംഅതിൽപങ്കാളിയാകുന്നതിനുമുള്ളഅവകാശം.

# ഫയൽപരിശോധന

1. ജോബ്ബാർഡ്രജിസ്റ്റർ
2. **ഗ്രാമസഭ** രജിസ്റ്റർ
3. ഡിമാൻഡ് / അലോക്കേഷൻ&വേതന രജിസ്റ്റർ
4. വർക്ക്രജിസ്റ്റർ
5. ഫിക്സഡ്അസറ്റ്റജിസ്റ്റർ
6. പരാതിരജിസ്റ്റർ
7. മെറ്റീരിയൽരജിസ്റ്റർ

**പ്രവർത്തി ഫയലിലെ 22 രേഖകൾ**

കേന്ദ്രസർക്കാർനിർദ്ദേശപ്രകാരംഒരുപ്രവൃത്തിഫയലിൽതാഴെപറയുന്ന 22 രേഖകൾനിർബന്ധമായുംഉണ്ടാക്കേണ്ടതാണ്.

1) കവർപേജ്
2) ചെക്ക്ലിസ്റ്റ്
3) ആക്ഷൻപ്ലാൻ / ഷെൽഫ്ഓഫ്വർക്ക്എന്നിവയുടെഅംഗീകരിച്ചകോപ്പി.
4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനും
5) ഭരണാനുമതിയുടെയുംസാമ്പത്തികാനുമതിയുടെയുംകോപ്പി.
6) സാങ്കേതികാനുമതിയുടെകോപ്പി.
7) കൺവെർജെൻസ്വിശദാംശങ്ങൾ
8) തൊഴിലാളികൾതൊഴിൽആവശ്യപ്പെട്ടുകൊണ്ടുള്ളഅപേക്ഷ.
9) തൊഴിൽഅനുവദിച്ചതുകൊണ്ടുള്ളനോട്ടീസിന്റെകോപ്പി.
10) പൂരിപ്പിച്ചമസ്റ്റർറോളിന്റെകോപ്പി.
11) മെഷർമെൻറ്ബുക്കിന്റെകോപ്പി.
12) സാധനങ്ങൾവാങ്ങുന്നതിനുള്ളക്വൊട്ടേഷൻക്ഷണിച്ചതിൻറെയുംകംപാരിറ്റിവ്സ്റ്റേറ്റ്മെന്റിന്റെയും മെറ്റീരിയൽസപ്ലൈഓർഡറിന്റെയുംകോപ്പി.
13) വേജ്ലിസ്റ്റ്
14) വേതനത്തിൻറെയുംസാധനങ്ങൾക്ക്പണമടച്ചതിന്റേയുംഎഫ്.റ്റി.ഒയുടെയുംകോപ്പി.
15) മെറ്റീരിയൽവൗച്ചറിൻറെയുംബിലുകളുടെയുംകോപ്പി.
16) റോയൽറ്റിഅടച്ചതിൻറെരസീതിന്റെകോപ്പി.
17) മൂന്ന്ഘട്ടങ്ങൾആയുള്ളതൊഴിലിൻറെഫോട്ടോ.
18) പൂർത്തീകരിച്ചസർട്ടിഫിക്കറ്റിന്റെകോപ്പി.
19) മസ്റ്റർറോൾമൂവ്മെൻറ്സ്ലിപ്.
20) ആസ്തിയുടെജിയോടാഗ്ഫോട്ടോസുകൾ.
21) സോഷ്യൽഓഡിറ്റിൻറെകോപ്പി.
22) സൈറ്റ്ഡയറി.

## CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാനവിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുകസാധന വേതന ഘടകങ്ങൾ യഥാർത്ഥ ചെലവ് തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്.ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ്ഓരോ . പ്രവർത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകൾ സിമൻറ്ഉം ഗിച്ച്കോൺക്രീറ്റും ഉപയോനിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട് ഇരുമ്പ് .,ടിൻ ,ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ് .

വ്യക്തിഗത പ്രവർത്തികൾക്ക് 3000 രൂപയും പൊതുപ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധിനിർമ്മാണ ചിലവ് എന്നാണ്ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. CIB അടങ്ങുന്ന ഒരു ഫോട്ടോ പ്രവൃത്തി ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.

## റോസ്ഗാർദിനം

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം സംഘടിപ്പിക്കേണ്ടതാണ്. റോസ്ഗാർ ദിനം ആചരിക്കുന്നതിനു മുൻപായി വിവര വിദ്യാഭ്യാസ വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് ജില്ലാ പ്രോഗ്രാം കോഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. റോസ്ഗാർ കലണ്ടർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ പ്രത്യേകമായി ബോധവൽക്കരിക്കേണ്ടതാണ്.

റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നതിൻറെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംസ്ഥാന സർക്കാർ ജില്ലാ പ്രോഗ്രാം കോഡിനേറ്റർ രൂപീകരിച്ചിട്ടുള്ള പ്രതിമാസ പട്ടിക അനുസരിച്ച് തന്നെ റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നു എന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഈ പട്ടിക ഗ്രാമവികസന മന്ത്രാലയവുമായും പൊതുജനങ്ങളുമായും പങ്കുവെക്കേണ്ടതും ഒരു മാസത്തിലൊരിക്കൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഭാരവാഹി ദിനാചരണത്തിൽ അധ്യക്ഷത വഹിക്കേണ്ടതാണ്. ഇത് നടത്തുന്നതിനും നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷൻ അംഗങ്ങൾ എന്നിവർക്കാണ്. റോസ്ഗാർദിനം ആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട താണ്. ഈ യോഗത്തിൽ മിനിറ്റ്സ് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും സോഷ്യൽ ഓഡിറ്റിനും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ദിനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശേഖരിക്കുന്നതാണ്. സംസ്ഥാന സർക്കാർ തൊഴിൽ ആവശ്യകത സംബന്ധിച്ച് ജില്ലാതല റിപ്പോർട്ടുകൾ പതിവായി അവലോകനം ചെയ്യേണ്ടതാണ്.

# പ്രവൃത്തികളുടെ പരിശോധനാ വിവരണം

ഓഡിറ്റ് കാലയളവിൽ നടത്തിയിട്ടുള്ള എട്ട് പ്രവൃത്തികളാണ് പരിശോധനക്ക് വിധേയമാക്കിയിട്ടുള്ളത്.

1.**പറയ്ക്കാട്പ്രദേശത്ത്സംഘകൃഷിക്ക്അനുയോജ്യമായനിലമൊരിക്കൽ**
(1607010001/LD/324868)

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ **195345** രൂപയും **694** തൊഴിൽ ദിനങ്ങളും ആണ് നൽകിയിരിക്കുന്നത്.
- എം ബുക്ക് പ്രകാരം.**152628** രൂപ വേതനത്തിനും പണിയായുധങ്ങൾക്കും ആയി ചിലവഴിച്ചിട്ടുണ്ട് 555,തൊഴിൽ ദിനങ്ങളും ഉൾപെടുതിയിടുണ്ട്.
- തൊഴിലാളികൾ **8** ഇടങ്ങളിലായി സംഘകൃഷിക്ക് നിലമൊരുക്കി കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്.
- കൃഷി ചെയ്തത് നല്ല വിളവ് ലഭിച്ചു എന്ന് ഉടമകളിൽ നിന്നും അറിയാൻ സാധിച്ചു.
- **CIB** പ്രവൃത്തി സ്ഥലത്ത് കാണാനായി സാധിച്ചു.
- സംഘകൃഷി ചെയ്ത ഇടങ്ങളിൽ ഇപ്പോഴും കൃഷിയോഗ്യമായി 6 ഇടങ്ങളിൽ 8 .നിലനില്ക്കുനുണ്ട്
- രണ്ടിടങ്ങളിൽ നെൽകൃഷി,വാഴ എന്നിവ ചെയ്തെങ്കിലുംമുള്ളൻ പന്നി **,**വെള്ളക്കെട്ട് എന്നിവ മൂലം നശിച്ചു പോയി എന്നാണ് മേറ്റിൽ നിന്നും അറിയാൻ സാധിച്ചത്.

**2.എളവള്ളിമാണിച്ചാൽനീർത്തടത്തിലെപാറയ്ക്കാട്പ്രദേശത്ത്കുളംനിർമ്മാണം.**
**(1607010001/IF/306921)**

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ **146914** രൂപയും **519** തൊഴിൽ ദിനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.
- എം ബുക്ക് പ്രകാരം.**139023** രൂപയും **513** തൊഴിൽ ദിനങ്ങളും ആണ് രേഖപെടുത്തിയിരിക്കുന്നത്.
- എം.ബുക്കിൽ പണിയായുധങ്ങളുടെ വാടക ഉൾപ്പെടുത്തിയിട്ടില്ല.
- തൊഴിൽ സ്ഥലത്ത് **CIB** കാണാനായി സാധിച്ചു എനാൽ.എംബുക്കിൽ . .രേഖപെടുത്തിയിട്ടില്ല
- കുളം പുല്ലാനി പറമ്പത്ത് സോമൻ എന്ന വ്യക്തിയുടെ പറമ്പിൽ ആണ്നിർമിച്ചിരിക്കുന്നത്.
- **8** മീറ്റർ നീളവും **8** മീറ്റർ വീതിയുമുല്ല ചതുരക്കുളം ആണ് നിർമിച്ചിരിക്കുന്നതെന്നു മാറ്റിന്റെ സഹായത്താൽ അറിയാൻ സാധിച്ചു.
- കുളവും ചതുപ്പും കൂടി കലർന്ന നിലയിൽ ആയിരുന്നതിനാൽ നീളവും വീതിയും അളക്കുവാൻ സാധിച്ചില്ല.
- സന്ദർശന സമയത്ത് കുളം ഉപയോഗശൂന്യമായ നിലയിൽ ആണ് നിലനിൽക്കുന്നത്.
- കുളത്തിന്റെ ഒരു ഭാഗം ഇടിഞ്ഞതായി തൊഴിലാളിയിൽ നിന്നും അറിയാൻ കഴിഞ്ഞു .

- കുളം ഉപയോഗപ്രദമാണ് എന്ന് മാറ്റ് വിജയ പറഞ്ഞു.

**3.കുണ്ടുപാടംചെറിയതോട്ടുനഃരുദ്ധാരണം.(1607010001/WH/286859)**

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ**151545** രൂപയും **529** തൊഴിൽ ദിനങ്ങളും ആണ്നല്കിയിരികുനത്.
- എംപ്രകാരം ബുക്ക്.**117576** രൂപയും **426** തൊഴിൽ ദിനങ്ങളും കാണാനായി സാധിച്ചത്.
- വേജ്ലിസ്റ്റ് പ്രകാരം **119448** ആകെ വേതനം കണ്നുനുണ്ട്ളിന്റെ ആദ്യത്തെ മസ്റെർറോ. വെജ് ലിസ്റ്റ് ഇൽ**1872/-**കാണാനായത് രൂപയുടെ കൂടുതൽ.
- ഈ പ്രവൃത്തിയുടെ .കാണാനായി സാധിച്ചില്ല CIB
- എസ്റ്റിമേറ്റിൽ**5000/-**രൂപ ഇതിനായി നല്കിയിടുണ്ട്.കാണിച്ചിട്ടില്ല ബുക്കിൽ.എം എന്നാൽ.
- തോടിന്റെ ഇപോഴത്തെ അവസ്ഥ ഇരു വശങ്ങളിലും പുല്ലുപിടിച് കിടക്കുനതിനാൽ കൂടുതലായി നിരീക്ഷികാനായി സാധിച്ചില്ല.
- പ്രവർത്തി സമയത്ത്  തൊഴിലാളിക്കൾക്ക് കയ്യുറകൾ ഉണ്ടായിരുനില്ല.

**4.കുണ്ടുപാടംമണിച്ചാൽമുതൽചാമോത്ത്ചാൽപുനഃരുദ്ധാരണം.(1607010001/WH/287353)**

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ **136923** രൂപയും **473** തൊഴിൽ ദിനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.
- എം ബുക്ക് പ്രകാരം.**130272** രൂപയും **472** തൊഴിൽ ദിനങ്ങളും ആണ് ഉൾപെടുത്തിയിട്ടുള്ളത്.
- ഈ പ്രവൃത്തിയുടെ സ്ഥലത്തു **CIB** കാണാനായി സാധിച്ചുബുക്കിൽ .എം. .ഉള്പെടുത്തിയിട്ടില്ല
- തൊഴിലാളികൾക്ക്  സുരക്ഷാ സമഗ്രഹികൾ ആയ കാലുറ**,**ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ ഉണ്ടായിരുന്നു.

**5.ആയുർവ്വേദആശുപത്രിറോഡ്വൃക്ഷത്തൈവെച്ചുപിടിപ്പിക്കൽ.(1607010001/DP/267787)**

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കോപ്പി പ്രവൃത്തി ഫയലിൽ ഉണ്ടായിരുന്നില്ലഅതിനാൽ . തന്നെ തുകയും,തൊഴിൽ ദിനങ്ങളും, വൃക്ഷതൈകളുടെ എണ്ണവും  കൃത്യമായി കണക്കെടുക്കുവാൻ സാധിച്ചില്ല.
- എം.രൂപയും എന്ന് രേഖപെടുത്തിയിട്ടുണ്ട് 72864 തൊഴിൽ ദിനങ്ങളും 264ബുക്ക് പ്രകാരം.
- പ്രവൃത്തി സ്ഥലത്ത് CIB കാണാൻ സാധിച്ചില്ല.
- പാറ സെൻറ്റർ മുതൽ ആശുപത്രി റോഡ് അവസാനിക്കുന്നത് വരെ ആണ് പ്രവൃത്തി ചെയ്തതെന്ന് മാറ്റിൽ നിന്നും അറിയാൻ സാധിച്ചു 16.വൃക്ഷതൈകൾ ആണ് കാണാനായി സാധിച്ചത് .

- റോഡരികുകൾ വൃത്തിയാക്കുന്നതിലും,വെള്ളക്കെട്ടിലും ബാക്കിയുള്ളവ നശിച്ചു പോയി എന്നാണ് മാറ്റിൽ നിന്നും അറിയാൻ സാധിച്ചു.

6.**പറയ്ക്കാട് പ്രദേശത്ത് ഗവ.ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമാണ പ്രവൃത്തികൾ.**

സ്മിത ഭാസി (15/208)

2018/11/30 to /2602019/3

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ -/24390രൂപയും തൊഴിൽ ദിനങ്ങളും 90 .ഉള്കൊള്ളിച്ചിരിക്കുന്നത്
- എം.തൊഴിൽ ദിനങ്ങളും രേഖപെടുത്തിയിട്ടുണ്ട് 90 രൂപയും 24390 ബുക്ക് പ്രകാരം.
- ഉടമക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്ഒന്നും എന്നാൽ അതിൽ രേഖപെടുത്തലുകൾ . .ഉണ്ടായിരുന്നില്ല
- ഉടമയുടെ ബാങ്ക് പാസ് ബുക്ക് അപ്ഡേറ്റ് ആയിരുന്നു-/24390 അതിനാൽ തന്നെ.രൂപ ലഭിച്ചതായി അറിയാൻ സാധിച്ചു.
- വീടിൻ്റെ പണി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്.താമസം ആരംഭിച്ചിട്ടില്ല.

**7.പറയ്ക്കാട് പ്രദേശത്ത് ഗവ.ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമാണ പ്രവൃത്തികൾ.**

**രാധ വിശ്വനാഥൻ )15/209)**

**14 /2/2019 to 17/3/2019**

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 24390/- രൂപയും 90 തൊഴിൽ ദിനങ്ങളും ഉള്കൊള്ളിച്ചിരിക്കുന്നത്.
- ഉടമക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്എന്നാൽ അതിൽ രേഖപെടുത്തലുകൾ ഒന്നും . .ഉണ്ടായിരുന്നില്ല
- വിശ്വനാഥന്റെ ബാങ്ക് പാസ് ബുക്ക് അപ്ഡേറ്റ് ആയിരുന്നുഅതിനാൽ തന്നെ മൂന്ന് . തവണയായി8401/-രൂപ ലഭിച്ചതായി അറിയാൻ സാധിച്ചു.
- രാധയുടെ പാസ് ബുക്ക് പരിശോധിച്ചപ്പോൾ മാർച്ച് വരെ യുള്ള തും പിന്നീട് ഏഴാം മാസം മുതൽ ഉള്ള ട്രാൻസാക്ഷൻ ആണ് കാണാനായി സാധിച്ചത്അതിനാൽ വേതനം ലഭി.ച്ചുവോ ഇല്ലയോ എന്ന് അറിയാൻ സാധിച്ചില്ല.
- വീടിൻ്റെ പണി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. താമസം ആരംഭിച്ചിട്ടുണ്ട്.

**8.പറയ്ക്കാട് പ്രദേശത്ത് ഗവഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമാണ .**
**(IF/369964/1607010001).പ്രവൃത്തികൾ**

മല്ലിക സുമേഷ്(5/194)

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ -/24390രൂപയും തൊഴിൽ ദിനങ്ങളും 90 .ഉള്കൊള്ളിച്ചിരിക്കുന്നത്
- എം-/22493 ബുക്ക് പ്രകാരം. രൂപയും 83 തൊഴിൽ ദിനങ്ങളും രേഖപെടുത്തിയിട്ടുണ്ട്.
- ഉടമക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്എന്നാൽ അതിൽ രേഖപെടുത്തലുകൾ ഒന്നും . .ഉണ്ടായിരുന്നില്ല
- ഉടമയുടെ ബാങ്ക് പാസ് ബുക്ക് അപ്ഡേറ്റ് ആയിരുന്നുരൂപ -/22493 അതിനാൽ തന്നെ. .ലഭിച്ചതായി അറിയാൻ സാധിച്ചു
- വീടിന്റെ പണി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട് .താമസം ആരംഭിച്ചു.

# കണ്ടെത്തലുകൾ

- പ്രവൃത്തിയിൽ കയ്യുറകൾ ലഭിച്ചിട്ടില്ല.
- എംഎഴ നമ്പർ TS അഗ്രിമെന്റ് നമ്പറിൽ ബുക്കിൽ.ുതേണ്ടതാണ് എന്നാൽ അത് രേഖപെടുതിയിട്ടില്ല.
- സംഘകൃഷി നടത്തിയതിൽ നല്ല വിളവ് ലഭിച്ചിട്ടുണ്ട്.
- സൈറ്റ് ഡയറി കാണാനായി സാധിച്ചില്ല അതിനാൽ തന്നെ തൊഴിലാളികളുടെ ചികിത്സ ചെലവ് മീറിനഗിനെ പ്രൊജക്റ്റ്,പ്രവൃത്തി സ്ഥലത്ത് അടിസ്ഥാന വിവരങ്ങൾ, സ കുറിച്ചുള്ള വിവരങ്ങൾന്ദർശക കുറിപ്പ് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ അറിയാൻ സാധിച്ചില്ല.
- വാർഡ് അഞ്ചിലെ ഭവന നിർമാണ പ്രവൃത്തികൾ ഒരെണ്ണം( മല്ലിക സുരേഷ്) മാത്രമാണ്ഈ വാർഡിൽ ചെയ്യിരികുനത് ൽബാക്കിയുള്ളവ പതിനഞ്ചാം വാർഡി. .കാണാനായി സാധിച്ചത് ആണ്

# നിർദ്ദേശങ്ങൾ

- കൃത്യമായഇടവേളകളിൽബാങ്ക്പാസ്സ്ബുക്കിൽഇടപാടിവിവരങ്ങൾരേഖപ്പെടുത്തുക .ഇതുവഴിവേതന ൦ലഭിച്ചുവോ / ഇല്ലയോ / വൈകിയോവിവരങ്ങൾതുടങ്ങിയഅറിയാൻസാധിക്കും.

- മസ്റ്റർറോൾ,എം.ബുക്ക്എന്നിവയിൽതിരുത്തലുകൾപാടില്ല.
- പ്രഥമശുസ്രൂക്ഷസാമഗ്രികൾനിർബന്ധമായുംകൈവശംവെക്കുക.
- സ്വയംരക്ഷാസഹായസാമഗ്രികളായകയ്യുറ, കാലുറഎന്നിവതീർച്ചയായുംനൽകുക .
- തൊഴിലാളികൾക്ക്ആവശ്യമായഅടിസ്ഥാനസൗകര്യങ്ങൾലഭ്യമാക്കണം
- എം.ബുക്ക് എഴുതുന്നത് എസ്റ്റിമേറ്റ്പ്രകാരം പ്രവൃത്തിയുടെ ഓരോ ഘട്ടങ്ങളും ഭാഗം തിരിച്ച്മസ്റ്റർറോൾ നമ്പർ,മസ്റ്റർറോൾകാലാവധി, ആകെ തൊഴിൽ ദിനങ്ങൾ, ആകെ വേതനം എന്നിവ ഉൾപ്പെടുത്തി വ്യക്തതയോടെ എഴുതണം.
- തൊഴിൽകാർഡ്എന്നിവ കൃത്യ ബുക്ക്.m ,മായും വ്യക്തമായും പൂരിപ്പികെണ്ടതുണ്ട്.
- എം.തുകയും രേഖപെടുതെണ്ടാതുണ്ട് ക്കായി ചിലവഴിച്ച മുഴുവൻപ്രവർത്തി ബുക്കിൽ.
- ഏത് പ്രവർത്തി പ്രവർത്തി എന്നുള്ള വിവരങ്ങൾ ചെയ്യു ഏതു സ്ഥലത്ത് എത്ര അളവിൽ , .ലഭ്യമാകേണ്ടതുണ്ട് ഫയലിൽ
- മസ്റ്റർ റോളുകളുടെ ഒപ്പ് ഇടുന്ന കോളങ്ങൾ കുറച്ചും കൂടി വലുപ്പം കൂട്ടണം.

## ഗ്രാമസഭ തീരുമാനങ്ങൾ

1. പ്രഥമ ശുശ്രൂഷ സാമഗ്രികൾ തൊഴിലാളികൾ തന്നെ പണമെടുത്ത് വാങ്ങുകയും ശേഷം ബില്ലുകൾ പഞ്ചായത്തിൽ സമ്മർപ്പിച്ച് തുക കൈപ്പറ്റുകയും ചെയ്യാമെന്ന് തീരുമാനമായി
2. തൊഴിൽ ലഭിക്കുന്നതിനുള്ള ഡിമാൻഡ് ഫോം പഞ്ചായത്തിലെ ഫ്രന്റ് ഓഫീസിൽ വഴിയായി നൽകുവാൻ തീരുമാനിച്ചു.
3. ഡിമാൻഡ് ഫോം നൽകിയാൽ അതിനു കൈപറ്റു രസീതി വാങ്ങുവാൻ തീരുമാനമായി.
4. കയ്യുറ ,കാലുറ എന്നിവ ടെൻഡർ വിളിച്ച് പഞ്ചായത്തിൽ നിന്നും കൊടുക്കാം എന്നും ഓവർ സീർ അറിയിച്ചു
5. തൊഴിൽ കാർഡു കൃത്യമായി തെറ്റില്ലാതെ പൂരിപ്പിക്കാൻ മാറ്റുമാർക്ക് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാം.
6. തൊഴിലാളികൾക്ക്  തൊഴിൽ സ്ഥലത്ത് വെച്ചുണ്ടാകുന്ന അപകടങ്ങൾക്കു ചിലവാക്കിയ തുകയുടെ ബിൽ പഞ്ചായത്തിൽ ഏൽപ്പിച്ചാൽ എത്രയും പെട്ടന്ന് ചിലവായ തുക ലഭ്യമാക്കണം.
7. തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളും അർഹതകളും അവരെ ബോധ്യപെടുത്തുന്നതിനും  പദ്ധതികൾ പരിഹരിക്കുന്നതിനും തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും  ആയി റോസ്കാർ ദിനം സംഘടിപ്പിക്കാം എന്നും തീരുമാനമായി.

# എളവള്ളി പഞ്ചായത്ത്

## വാർഡ് 5

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിറ്റ്സ്

ഡേറ്റ് ചേർക്കണം ജ്യോതി മഹിളാ സമാജം അംഗൻവാടിയിൽ വെച്ച് മൗന പ്രാത്ഥനയോടെ 3 മണിക്ക് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ആരംഭിച്ചു.DRP മരിയ തൊഴിലാളികളിൽ നിന്നും ശോഭന മോഹനനെ അധ്യക്ഷയായി തിരഞ്ഞെടുക്കുകയും ചെയ്തു.ശേഷം VRP നിതിൽ ദാസ് ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.തുടർന്നു മെമ്പർ ലയേഷ് ഗ്രാമസഭയിൽ പങ്കെടുക്കുവാൻ എത്തിയ എല്ലാവരെയും സ്വാഗതം ചെയ്തു.പിന്നീട് BRP മരിയ സോഷ്യൽ ഓഡിറ്റിനെ കുറിച്ചും അനുബന്ധ വിവരങ്ങളെ കുറിച്ചും വിഷയാവതരണം നടത്തി.തുടർന്ന് തൊഴിലാളികളുടെ 10 അവകാശങ്ങളെ പറ്റി VRP വിന്യ തൊഴിലാളികൾക്ക് വിശദീകരിച്ചു കൊടുത്തു.അതോടൊപ്പം തൊഴിലാളികൾക്ക് ഇതെല്ലാം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്തു.15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറില്ല എന്നും മരുന്നുകൾ PHC യിൽ നിന്നും വാങ്ങാറുണ്ട് എന്നും മാറ്റ് വിജയ പറഞ്ഞു.PHC യിൽ ലഭിക്കാത്ത മരുന്നുകൾ പുറമെ നിന്നും വാങ്ങിച്ചു ബിൽ പഞ്ചായത്തിൽ ഏൽപ്പിച്ചാൽ ചിലവാക്കിയ തുക തിരികെ നൽകാം എന്ന് ഓവർസിയർ അറിയിച്ചു.പരാതികൾ സമർപ്പിക്കേണ്ട ആവശ്യം വന്നിട്ടില്ല എന്ന് തൊഴിലാളികൾ പറഞ്ഞു.റോസ്കാർ ദിനത്തെ കുറിച്ച് BRP മരിയ പരാമർശിച്ചപ്പോൾ ഇനി മുതൽ മാസത്തിൽ ഒരിക്കൽ റോസ്കാർ ദിനം സംഘടിപ്പിക്കാം എന്ന് ഓവർസിയർ പറഞ്ഞു.തുടർന്ന് 3.30 നെ VRP ജിഷ റിപ്പോർട്ട് അവതരിപ്പിച്ചു.കുളം ഉപയോഗപ്രദമാണോ എന്ന് തൊഴിലാളികളോട് ചോദിക്കുകയും കുളം ഉപയോഗപ്രദമാണ് എന്നും  പൊതുജനങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്നും സഭ അഭിപ്രായപ്പെട്ടു. 16 വൃക്ഷത്തൈ മാത്രമാണ് കാണാൻ സാധിച്ചത് എന്ന് റിപ്പോർട്ടിൽ പറയുകയും എന്നാൽ 200 എണ്ണം വെച്ചിട്ടുണ്ടായിരുന്നു എന്ന് തൊഴിലാളിയായ ബിന്ദു പറഞ്ഞു.മിസ്റ്റർ റോൾ,തൊഴിൽ കാർഡ് എന്നിവ ശരിയായ രീതിയിൽ പൂരിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ക്ലാസ് സംഘടിപ്പിക്കാം എന്ന് ഓവർസിയർ അറിയിച്ചു.പ്രവൃത്തി സ്ഥലത്ത് വെച്ച് തൊഴിലാളികളായ പുഷ്പ,ശോഭന എന്നീ തൊഴിലാളികളെ പാമ്പ് കടിച്ചിട്ടുണ്ട് എന്നും തങ്കമണിയെ എല്ലി കടിച്ചിട്ടുണ്ട് എന്നും തൊഴിലാളികൾ പറയുകയുണ്ടായി.തൊഴിൽ സ്ഥലത്തു തൊഴിലാളികൾക്ക് അപകടങ്ങൾ ഉണ്ടായാൽ എന്ത് ചെയ്യണമെന്നും  അങ്ങനെ ചെയ്യുന്നതിൽ തൊഴിലാളികൾക്ക് ഉണ്ടാകുന്ന ചികിത്സാ ചിലവുകൾ പഞ്ചായത്ത് വഹിക്കും എന്നും വ്യക്തമാക്കി. മസ്റ്റർ റോളുകളിൽ തിരുത്തലുകൾ പാടില്ല എന്ന് VRP ജിഷ പറഞ്ഞപ്പോൾ തൊഴിലാളിയായ മിനി മിസ്റ്റർ റോളുകളിലെ ഒപ്പ് ഇടുന്ന കോളങ്ങളുടെ വലുപ്പം കൂട്ടണം എന്ന് അഭിപ്രായപ്പെട്ടു.കൂലി കൂട്ടണം എന്ന ഒരു പൊതു അഭിപ്രായം തൊഴിലാളികൾ പറഞ്ഞു. ശേഷം അദ്യക്ഷ ശോഭന മോഹനൻ റിപ്പോർട്ട് അംഗീകരിക്കുന്നുണ്ടോ എന്ന് തൊഴിലാളികളോട് ചോദിച്ചു.എല്ലാവരും റിപ്പോർട്ട് അംഗീകരിച്ചു കൈയടിച്ചു പാസ്സാക്കി. മേറ്റ് വിജയ നന്ദി രേഖപ്പെടുത്തി. 4 മണിക്ക് ഗ്രാമസഭ പിരിഞ്ഞു.

## ഗ്രാമസഭ തീരുമാനങ്ങൾ

1. പ്രഥമ ശുശ്രൂഷ സാമഗ്രികൾ തൊഴിലാളികൾ തന്നെ പണമെടുത്ത് വാങ്ങുകയും ശേഷം ബില്ലുകൾ പഞ്ചായത്തിൽ സമ്മർപ്പിച്ച് തുക കൈപ്പറ്റുകയും ചെയ്യാമെന്ന് തീരുമാനമായി
2. തൊഴിൽ ലഭിക്കുന്നതിനുള്ള ഡിമാൻഡ് ഫോം പഞ്ചായത്തിലെ ഫ്രന്റ് ഓഫീസിൽ വഴിയായി നൽകുവാൻ തീരുമാനിച്ചു.
3. ഡിമാൻഡ് ഫോം നൽകിയാൽ അതിനു കൈപറ്റു രസീതി വാങ്ങുവാൻ തീരുമാനമായി.
4. കയ്യുറ ,കാലുറ എന്നിവ ടെൻഡർ വിളിച്ച് പഞ്ചായത്തിൽ നിന്നും കൊടുക്കാം എന്നും ഓവർ സീർ അറിയിച്ചു
5. തൊഴിൽ കാർഡു കൃത്യമായി തെറ്റില്ലാതെ പൂരിപ്പിക്കാൻ മാറ്റുമാർക്ക് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാം.
6. തൊഴിലാളികൾക്ക്  തൊഴിൽ സ്ഥലത്ത് വെച്ചുണ്ടാകുന്ന അപകടങ്ങൾക്കു ചിലവാക്കിയ തുകയുടെ ബിൽ പഞ്ചായത്തിൽ ഏൽപ്പിച്ചാൽ എത്രയും പെട്ടന്ന് ചിലവായ തുക ലഭ്യമാക്കണം.
7. തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളും അർഹതകളും അവരെ ബോധ്യപെടുത്തുന്നതിനും  പദ്ധതികൾ പരിഹരിക്കുന്നതിനും തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും  ആയി റോസ്കാർ ദിനം സംഘടിപ്പിക്കാം എന്നും തീരുമാനമായി.